"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - എൻ.സി.ഡി.സി - വാർഷിക പദ്ധതി 2023-24- അമരമ്പലം, സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1099 ന് എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2024/Co-Op തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. 21/06/2016ലെ എൻ.സി.ഡി.സി യുടെ NCDC 59-6/2015(TVM)/193/SA50134/1202 നമ്പർ കത്ത്.
2. സ.ഉ (സാധാ) നം 581/2016/സഹ തീയതി 18/11/2016.
3. 17/03/2023 ലെ എൻ.സി.ഡി.സി യുടെ NCDC(T)59-16/2015(TVM)/1189/RB21209 നം കത്ത്
4. സഹകരണ സംഘം രജിസ്ട്രാറുടെ 25/05/2023ലെ പി & എം എ(3) 5755/2022നം കത്ത്.
5. സ.ഉ (സാധാ) നം.560/2023/സഹ തീയതി 26/09/2023

**ഉത്തരവ്**

അമരമ്പലം, സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1099 ന് ഹെഡ് ആഫീസ് ബ്രാഞ്ച് വിപുലീകരണത്തിനും ഉപ്പവള്ളി ബ്രാഞ്ച് നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള എൻ.സി.ഡി.സി ധനസഹായമായി 48.55 ലക്ഷം രൂപ (ഓഹരി - 20.00 ലക്ഷം രൂപ, വായ്പ - 28.55 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 17.14 ലക്ഷം രൂപ (ഓഹരി - 10.00 ലക്ഷം വായ്പ - 7.14 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി സംഘത്തിന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) (ഓഹരി (ശീർഷകം - 4425-108-42-34-3) - 10.00 ലക്ഷം രൂപ, വായ്പ (ശീർഷകം 6425-108-19) - 21.41 ലക്ഷം രൂപ) 2023-2024 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന്

പരാമർശം (5) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമരമ്പലം, സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1099 ന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) ചുവടെ പറയും പ്രകാരം 2023-24 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | ശീർഷകം | അനുവദിക്കേണ്ട തുക | ഇ-അനുമതി നമ്പർ | കാലാവധി |
|---|---|---|---|---|
| ഓഹരി | 4425-108-42-34-3 | 10.00ലക്ഷം | AS/COP/23/28674 | 31/03/2024 |
| വായ്പ | 6425-108-19 | 21.41 ലക്ഷം | AS/COP/23/28038 | 31/03/2024 |
| ആകെ | | 31.41ലക്ഷം | | |

3. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/145/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 22-03-2024 13:59:03

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.